കാസർഗോഡ് ജില്ലയിൽ അപകടകമാംവിധം കേടുപാടുകൾ സംഭവിച്ച പാലങ്ങൾ

126 (2845) ശ്രീ കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പി.ഡബ്ലിയു.ഡി. ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്ത റോഡുകളിൽ വരുന്ന പ്രധാനപ്പെട്ട മൂന്ന് പാലങ്ങൾക്ക് അപകടകരമാംവിധം കേടുപാടുകൾ സംഭവിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽപ്പാലങ്ങൾ പുതുക്കിപ്പണിയാൻ ഭാരിച്ച തുക വേണ്ടി വരുമെന്നതിനാൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പാലം പുതുക്കിപ്പണിയണമെന്ന ജില്ലാ പഞ്ചായത്തിന്റെ ഹർജിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തോട്ടുംകര പാലം, എരതുംകടവ് പാലം, മുദിയാക്കൽ പാലം എന്നീ 3 പാലങ്ങളുടെ അപകടാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലങ്ങൾ ഏറ്റെടുത്ത് പുതുക്കിപ്പണിയുന്ന കാര്യം പരിശോധിച്ചു വരുന്നു.

പാലക്കാട് ജില്ലയിലെ മുറിയൻകണ്ണി പാലത്തിന്റെ നിർമ്മാണം

127 (2846) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മുറിയൻകണ്ണി പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ മുറിയൻകണ്ണി പാലത്തിന്റെ പ്രവർത്തനം ത്വരിതഗതിയിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly